ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഇ.ആർ. പ്രകാരം അർഹതയുണ്ടെന്ന് കണ്ടെത്തിയ അൺ-എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രാഥമിക ലിസ്റ്റ് 28-5-2003-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

എയിഡ്സ് ബാധിതരായ ബെൻസൺ, ബെൻസി എന്നിവരുടെ വിദ്യാഭ്യാസത്തിന് നടപടി

115 [5094] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈതക്കുഴിയിലെ എയിഡ്സ് ബാധിതരായ ബെൻസൺ, ബെൻസി എന്നിവരുടെ വിദ്യാഭ്യാസത്തിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ബെൻസൺ, ബെൻസി എന്നീ കുട്ടികൾക്ക് അവരുടെ വീട്ടിൽ വച്ച് തന്നെ വിദ്യാഭ്യാസം നൽകുന്നതിനായി ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപികയെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. കൈതക്കുഴി ഗവ. എൽ.പി. സ്കൂളിലെ രക്ഷാകർത്താക്കളുടെ രൂക്ഷമായ എതിർപ്പുമൂലം ടി കുട്ടികളെ അവിടെ പഠിപ്പിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ഈ നടപടി കൈക്കൊണ്ടത്.

കേരള ഫെഡറേഷൻ ഓഫ് ദി ഡൈൽഡ് നടത്തിയ അനധികൃത പിരിവ്

116 [5095] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയിഡഡ്, അൺ-എയിഡഡ് മേഖലയിലെ സ്കൂളുകളിൽ കേരള ഫെഡറേഷൻ ഓഫ് ദി ഡൈൽഡ് എന്ന സംഘടന സ്പെഷൽസർവീസ് വാക്ക് ഇൻ സർവീസ് ഓഫ് ദി ഡൈൽഡ് എന്ന പരിപാടിക്കായി പണം പിരിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇത്തരം അനധികൃത പിരിവ് നടത്തിയതിനെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ:

(സി) പിരിവ് നടത്തുന്നതിനായി സർക്കാരിൽ നിന്നും എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പോൺസേർഡ് വാക്ക് എന്ന പരിപാടിയിലൂടെ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടന സർക്കാർ അനുമതിയോടെ നടത്തിയ പിരിവിനെതിരെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. (ആർ‌ടി.) നമ്പർ 408/02/പൊ.വി. തീയതി, 1-2-2002 പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

(സി) 28-4-2001-ലെ ജി.ഒ. (ആർ ടി.) നമ്പർ 1736/01/പൊ.വി. പ്രകാരം പിരിവ് നടത്തുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആഡിയോ വിഷ്വൽ സെന്ററിൽ നിന്നും പിരിച്ചുവിട്ടവരുടെ പുനർനിയമനം

116 [5096] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടൽ നടപടികൾ സ്വീകരിച്ചപ്പോൾ റിപ്രോഗ്രാഫിക് അസിസ്റ്റന്റ് എന്ന തസ്തികയിൽ സർപ്ലസ് അല്ലാത്ത അഞ്ച് ജീവനക്കാരെ നിയമവിരുദ്ധമായി പിരിച്ചുവിട്ട നടപടി റദ്ദാക്കി പുനഃപ്രവേശനം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) വെൽഫെയർ സൂപ്പർവൈസർ, റിപ്രോഗ്രാഫിക് അസിസ്റ്റന്റ്, ബൈൻഡർ എന്നീ തസ്തികകളെക്കുറിച്ച് സർക്കാർ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന പ്രായപരിധിയിൽ കൂടുതൽ ഉള്ള നിയമനങ്ങൾ റദ്ദാക്കി അർഹരായവരെ നിയമിക്കാൻ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചു; വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന പ്രായപരിധിയിൽ ഉൾപ്പെടാത്ത ഉദ്യോഗാർത്ഥികളുടെ നിയമനം ആരുടെ നിർദ്ദേശപ്രകാരം ആണ് നടത്തിയത്; പ്രസ്തുത നിയമനം നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന വ്യക്തമാക്കുമോ;

(സി) റിപ്രോഗ്രാഫിക് സെന്ററിൽ 1993-ൽ റിസോ ഓപ്പറേറ്റർ എന്ന തസ്തികയിൽ നിയമനം നടത്തിയത് എങ്ങനെയാണ്; വിജ്ഞാപനത്തിന്റെയും നിയമന ഉത്തരവിന്റെയും പകർപ്പ് ഉൾപ്പെടെ വ്യക്തമാക്കുമോ;

(ഡി) റിപ്രോഗ്രാഫിക് സെന്ററിൽ ഇതുവരെ നടത്തിയ ജീവനക്കാരുടെ പ്രമോഷനുകൾ ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ഇ) റിപ്രോഗ്രാഫിക് സെന്ററിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാർ ഉണ്ട്; ഇവരെ (വിജ്ഞാപനം സഹിതം) സ്ഥിരപ്പെടുത്തിയ വർഷം, തസ്തിക തിരിച്ച്, മേൽവിലാസം, പേര് ഉൾപ്പെടെ വ്യക്തമാക്കുമോ?

ഉത്തരം

(എ) റിപ്രോഗ്രാഫിക് അസിസ്റ്റന്റ്, റിസോ ഓപ്പറേറ്റർ എന്നീ രണ്ടു തസ്തികകളിലുമായി പത്തുപേർ അധികമുണ്ടെന്ന് സർക്കാർ നിയമിച്ച മൂന്നംഗ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. റിസോ ഓപ്പറേറ്റർ തസ്തിക റിപ്രോഗ്രാഫിക് അസിസ്റ്റന്റ് തസ്തികയുടെ പ്രമോഷൻ തസ്തിക ആയതിനാൽ റിപ്രോഗ്രാഫിക് അസിസ്റ്റന്റ് തസ്തികയിലെ ജൂനിയർ ആയ പത്തുപേരെയാണ് പിരിച്ചുവിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly